# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5212 05.07.2012 ൽ മറുപടിയ്ക്ക്

## സ്വകാര്യബസ്സുകളുടെ മത്സരഓട്ടം

| ചോദ്യം<br>ശ്രീ. പി.കെ. ഗുരുദാസൻ<br>ശ്രീ.സി.കൃഷ്ണൻ<br>ശ്രീ.കെ. ദാസൻ<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി |
|---|---|---|
| (എ) സ്വകാര്യ ബസ്സുകൾ മത്സരഓട്ടം നടത്തുന്നതു മൂലം അപകടങ്ങൾ കൂടി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ & ബി) | ഉണ്ട്. മത്സര ഓട്ടം നടത്തുന്നത് കണ്ടെത്തി കർശന നടപടി സ്വീകരിക്കണമെന്ന് ട്രാൻസ്പോർട്ട് കമ്മീഷണർ പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ നടപ്പാക്കി വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മത്സര ഓട്ടം നടത്തിയ 165 സ്വകാര്യ ബസ് ഡ്രൈവർമാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) മത്സരഓട്ടം നടത്തുന്നത് കണ്ടെത്തി കർശന നടപടി സ്വീകരിക്കണമെന്ന് ട്രാൻസ്പോർട്ട് കമ്മീഷണർ പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ; | | |
| (സി) മത്സരഓട്ടം കണ്ടെത്തിയാൽ ബസ്സിന്റെ റൂട്ട് ക്യാൻസൽ ചെയ്യണമെന്ന നിർദ്ദേശം അനുസരിച്ച് ഏതെല്ലാം റൂട്ടുകളിൽ ഓടുന്ന ബസ്സുകൾക്ക് നേരെയാണ് നടപടി സ്വീകരിച്ചതെന്ന് വിശദമാക്കുമോ? | (സി) | പത്തനാപുരം-പത്തനംതിട്ട റൂട്ടിൽ ഓടുന്ന ബസിന്റെ പെർമിറ്റ് 3 മാസത്തേയ്ക്ക് സസ്പെന്റ് ചെയ്തിട്ടുണ്ട്. കൂടാതെ എറണാകുളത്ത് ഒരു ബസിന്റെയും പെർമിറ്റ് റദ്ദ് ചെയ്തിട്ടുണ്ട്. |

ശ്രീ.

സെക്ഷൻ ഓഫീസർ